ശബരിമല വാർത്താക്കുറിപ്പ്
06.01.2025
മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം

# അയ്യപ്പഭക്തർക്ക് സുരക്ഷ ഉറപ്പാക്കാൻ അഷ്ട സുരക്ഷ നിർദേശങ്ങളും 'അവൾ പുണ്യനദിയായ പമ്പ' ബാനർ പ്രചാരണവുമായി അഗ്നിരക്ഷാ വകുപ്പ്.

അഗ്നിരക്ഷാ വകുപ്പ് അയ്യപ്പഭക്തരുടെ സുരക്ഷ മുൻനിർത്തി അഷ്ടസുരക്ഷ എന്ന പേരിൽ എട്ട് സുരക്ഷാ നിർദ്ദേശങ്ങൾ അടങ്ങിയ തുണി ബാനറുകൾ പമ്പയിൽ സ്ഥാപിച്ചു. ഇത് കൂടാതെ പമ്പാ നദിയിൽ അപകട രഹിതമായ പുണ്യസ്നാനം ലക്ഷ്യമിട്ട് അവൾ പുണ്യനദിയായ പമ്പ (SHE IS HOLY RIVER PAMBA) എന്ന മറ്റൊരു ബാനർ പ്രചാരണവും ഫയർഫോഴ്സ് പമ്പയിൽ ആരംഭിച്ചിട്ടുണ്ട്. പുണ്യ സ്നാനത്തിന് ഇറങ്ങുമ്പോൾ അത്യന്തം ജാഗ്രത പാലിക്കണമെന്ന് ആഹ്വാനം ചെയ്യുന്നതാണ് ഈ ബാനർ. ഇംഗ്ലീഷിലും മലയാളത്തിലുമാണ് ബാനറുകൾ തയ്യാറാക്കിയിട്ടുള്ളത്.

ശബരിമലയിൽ അപകട സാദ്ധ്യത ഒഴിവാക്കാനുള്ള നിർദേശങ്ങൾ ഉൾപ്പെടുത്തിയാണ് ' അഷ്ട സുരക്ഷ ' തയ്യാറാക്കിയിരിക്കുന്നത്. അയ്യപ്പഭക്തർ തീപിടിക്കാനിടയുള്ള വസ്തുക്കളോ ദ്രാവകങ്ങളോ കൊണ്ടുവരരുത്. കർപ്പൂരവും വിറകുകഷണങ്ങളും കാടുകളിലേക്കോ തീ പിടിക്കാനിടയുള്ള സ്ഥലങ്ങളിലേക്കോ വലിച്ചെറിയരുത്. വസ്ത്രത്തിൽ തീപിടിച്ചാൽ STOP, DROP & ROLL പ്രക്രിയ പിന്തുടരുക. പാചകം നിരോധിതമാണ്. വാതകചോർച്ച സാദ്ധ്യത ഉള്ള സ്ഥലങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗിക്കരുത്. കുട്ടികളെ ജലാശയങ്ങളിൽ വിടുമ്പോൾ ശ്രദ്ധിക്കണം.
ഭൂമികുലുക്കമുണ്ടെങ്കിൽ STOP, DROP, COVER & HOLD രീതി അവലംബിച്ച് സുരക്ഷ ഉറപ്പാക്കണം. എന്നിങ്ങനെയാണ് അഷ്ടസുരക്ഷാ നിർദ്ദേശങ്ങൾ. ഫയർഫോഴ്സ് ശബരിമല സ്പെഷ്യൽ ഓഫീസർ ദിലീപ് എസ് എൽ ആണ് സുരക്ഷാ നിർദേശങ്ങൾ തയ്യാറാക്കിയത്. ഞായറാഴ്ച രാത്രി മുതലാണ്

ബാനറുകൾ സ്ഥാപിച്ച് തുടങ്ങിയത്. ശബരിമല എഡിഎം അരുൺ എസ് നായർ. പമ്പ ഫയർസ്റ്റേഷൻ ഓഫീസർ ബാബുരാജ് ശബരിമലയിൽ ഡ്യൂട്ടിയിൽ ഉള്ള ഫയർ ആൻഡ് റെസ്ക്യൂ ഉദ്യോഗസ്ഥർ എന്നിവർ പങ്കുചേർന്നു.

## മകരവിളക്ക് മഹോത്സവത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചതായി ശബരിമല മേൽശാന്തി.

ഈ വർഷത്തെ മണ്ഡല മഹോത്സവം കഴിഞ്ഞ് മകരവിളക്ക് മഹോത്സവത്തിന്റെ ഒരുക്കങ്ങൾ ആരംഭിച്ചതായി ശബരിമല മേൽശാന്തി എസ്. അരുൺകുമാർ നമ്പൂതിരി അറിയിച്ചു. ഉത്തരായന കാലം കഴിഞ്ഞ് ദക്ഷിണായനകാലം തുടങ്ങുകയാണ്. ധനുമാസത്തിൽ നിന്നും മകരമാസത്തിലേക്ക് സൂര്യൻ സംക്രമിക്കുന്ന ഈ സമയത്ത് പന്തളം കൊട്ടാരത്തിൽ നിന്നു കൊണ്ടുവരുന്ന തിരുവാഭരണങ്ങൾ അയ്യപ്പസ്വാമിക്ക് ചാർത്തി ദീപാരാധന നടത്തും. ഇതോടൊപ്പം പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിഞ്ഞ് ഭക്തന്മാർക്കെല്ലാം അയ്യപ്പസ്വാമിയുടെ അനുഗ്രഹവും ഉണ്ടാകുന്നതാണെന്നും മേൽശാന്തി പറഞ്ഞു.

## ശബരിമലയിൽ ചൊവ്വാഴ്ച (07.01.2025) ചടങ്ങുകൾ

...............

പുലർച്ചെ
3ന് നട തുറക്കൽ.. നിർമ്മാല്യം
3.05ന് അഭിഷേകം
3.30ന് ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം
7.30ന് ഉഷപൂജ
12ന് കളഭാഭിഷേകം

12.30ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
3 മണിക്ക് നട തുറക്കൽ
6.30ന് ദീപാരാധന
തുടർന്ന് പുഷ്പാഭിഷേകം

9.30ന് അത്താഴ പൂജ
10.50ന് ഹരിവരാസനം
11ന് നട അടയ്ക്കൽ